# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1142

12..03..2015 -ൽ മറുപടിയ്ക്ക്

## പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>,, എം.എ.വാഹിദ്<br>,, പി.എ.മാധവൻ<br>,, പി.സി..വിഷ്ണുനാഥ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ് ; | (ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയ തിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലാ യെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തു മോയെന്ന് വ്യക്ത മാക്കുമോ ? | (ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശ പ്രകാരം വി.ഇ.2/2012/എസ്.ഐ.യു II, വി.ഇ.1/ 2012/എസ്.ഐ.യു II എന്നീ നമ്പറുകൾ പ്രകാരം 2 വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിരുന്നു. അതിൽ വി.ഇ.2/2012/എസ്.ഐ.യു II എന്ന നമ്പർ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>പ്രതിപക്ഷ നേതാവിനെതിരായി ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ പ്രധാന നിഗമനങ്ങൾ :</u>

1) ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി.) ഡയറക്ടർ സ്ഥാനത്തേയ്ക്ക് ശ്രീ.വി.എ.അരുൺകുമാറിനെ നിയമിക്കണമെന്നഭ്യർത്ഥിച്ച് കുറിപ്പ് സമർപ്പിച്ച അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ പ്രൊഫ.വി.സുബ്രഹ്മണിയുടെയും, ഐ.എച്ച്.ആർ.ഡിയുടെ ഭരണവകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ നോക്കുകുത്തിയാക്കി ഇപ്രകാരം സമർപ്പിയ്ക്കപ്പെട്ട കുറിപ്പ് അംഗീകരിച്ച് നൽകിയ അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ.എം.എ.ബേബിയുടെയും, ശ്രീ.വി.എ.അരുൺ കുമാർ ഒപ്പ് രേഖപ്പെടുത്തിയ രേഖ, കൗണ്ടർ സൈൻ ചെയ്ത് അംഗീകരിച്ച അന്നത്തെ ഐ.റ്റി. സെക്രട്ടറി ശ്രീ.കെ.സുരേഷ്കുമാറിന്റെയും, ഐ.റ്റി. വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അന്നത്തെ മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്യുതാനന്ദന്റെയും കൂട്ടായ കാർമികത്വത്തിലാണ് ഈ ആസൂത്രിതമായ നീക്കം നടന്നതെന്ന് സമിതി വിലയിരുത്തി. ഇതിൽ നിന്നും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി.) അക്കാഡമി ഡയറക്ടറായി ശ്രീ.വി.എ.അരുൺകുമാറിനെ നിയമിച്ചതായി ശ്രീ.പി.സി. വിഷ്ണുനാഥ് നിയമസഭയിൽ ഉന്നയിച്ച ആരോപണം വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തി.

2) ശ്രീ.വി.എ.അരുൺകുമാറിന് മോഡൽ ഫിനിഷിംഗ് സ്കൂൾ ഡയറക്ടറുടെ അധികച്ചുമതല നൽകി നിയമിച്ചത് സംബന്ധിച്ച് ശ്രീ.പി.സി.വിഷ്ണുനാഥ് എംഎൽ.എ.യുടെ ആക്ഷേപം നിലനിൽക്കുന്നതല്ലായെന്ന് സമിതി വ്യക്തമാക്കി. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ ധനവിനിയോഗം സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ട് സമിതി മുൻപാകെ വന്നിരുന്നുവെങ്കിലും ഇത് സമിതിയുടെ അന്വേഷണ പരിധിയിൽ വരാത്തതിനാൽ ഇത് സംബന്ധിച്ച് സമിതി അഭിപ്രായം രേഖപ്പെടുത്തിയില്ല

3) സർവ്വനിയമങ്ങളും കാറ്റിൽപ്പറത്തി ആദ്യത്തെ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് റീ-നോട്ടിഫിക്കേഷൻ ഇറക്കി ശ്രീ.വി.എ.അരുൺകുമാറിനെ അഡീഷണൽ ഡയറക്ടറായി നിയമിച്ചത് അന്നത്തെ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദന്റെ മകൻ എന്ന പരിഗണനയിൽ മാത്രമാണെന്ന് സമിതി വിലയിരുത്തി. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറാകുവാൻ ശ്രീ.വി.എ.അരുൺ കുമാറിന് യോഗ്യതയില്ലെന്ന് ശ്രീ.പി.സി. വിഷ്ണുനാഥ് എം.എൽ.എ. ഉന്നയിച്ച ആരോപണം വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തിയിട്ടുണ്ട്.

4) സ്പേസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട പണമിടപാടുകൾ സംബന്ധിച്ച് ശ്രീ.പി.സി.വിഷ്ണുനാഥ് എം.എൽ.എ. ഉന്നയിച്ച ആരോപണം വസ്തുതാപരമല്ലെന്ന് സമിതി വിലയിരുത്തിയിട്ടുണ്ട്.

Reeb

*സെക്ഷൻ ഓഫീസർ*